LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുനിസിപ്പൽ ആക്ട് 215-2(എ) പ്രകാരമാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്.

(ബി) ഇതുസംബന്ധിച്ച കൗൺസിൽ അംഗീകരിച്ച ലേല നിബന്ധനയിൽ വ്യവസ്ഥ ചെയ്ത പ്രകാരമാണ് സെക്യൂരിറ്റി/അഡ്വാൻസ് നഗരസഭകൾ സ്വീകരിക്കുന്നത്.

(സി-ഇ) ബന്ധപ്പെട്ട ലേല നിബന്ധനകളുടെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ നഗരസഭയ്ക്ക് ചെയ്യാവുന്നതാണ്.

(എഫ്) ഇല്ല.

(ജി) ശ്രദ്ധയിൽപ്പെടുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതാണ്.

നഗരങ്ങളിലെ ഫ്ലാറ്റ് നിർമ്മാണം

146 (1520) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ നഗരങ്ങളിൽ എത്ര ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ വിശദ വിവരങ്ങൾ ജില്ല തിരിച്ച് നൽകുമോ;

(സി) നഗര പ്രദേശങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ നഗരങ്ങളിൽ 249 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-I ആയി* ചേർത്തിട്ടുണ്ട്.

(ബി) 94 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-II ആയി* ചേർത്തിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് നിലവിൽ തടസ്സമൊന്നുമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.